(എ) സംസ്ഥാനത്തെ കോളേജുകളിൽ ചില വിദ്യാർത്ഥി സംഘടനകൾ ആസൂത്രിതമായി അക്രമം അഴിച്ചുവിടുന്നതുമൂലം സമാധാനപൂർണ്ണമായി അദ്ധ്യയനം നടത്തുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ എസ്.എഫ്.ഐ. പ്രവർത്തകർ പ്രിൻസിപ്പാളിനെ മർദ്ദിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ കുറ്റക്കാരായ എത്ര എസ്.എഫ്.ഐ.ക്കാർക്കെതിരെ പോലീസ് കേസ്സ് എടുത്തിട്ടുണ്ട്; പ്രതികൾ ആരൊക്കെയാണ്; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ ഉപയോഗിച്ചാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) കൊല്ലം എസ്.എൻ. കോളേജിൽ നടന്ന അക്രമസംഭവങ്ങളിൽ കുറ്റക്കാരായ എത്ര പേർക്കെതിരെ പോലീസ് കേസ്സ് ചാർജ്ജ്ചെയ്തിട്ടുണ്ട്; കുറ്റക്കാർ ആരെല്ലാം; ഇവർ ഏത് വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവരാണ്; വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) കാമ്പസിനകത്തെ അക്രമപ്രവർത്തനം തടയുന്നതിനും അദ്ധ്യയനം സുഗമമാക്കുന്നതിനുംവേണ്ടി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് ആസൂത്രിത സ്വഭാവമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രിൻസിപ്പാളിനെ മർദ്ദിച്ചതായി പറയപ്പെടുന്ന സംഭവത്തിലും വിദ്യാർത്ഥിയെ റാഗ്ചെയ്തതായി പറയപ്പെടുന്ന സംഭവത്തിലും പോലീസ് കേസ്സെടുത്തിട്ടുണ്ട്. കേസ്സ് അന്വേഷണത്തിലാണ്.

(സി) ഐ.പി.സി. 143, 147, 448, 324, 427, 506 (11), 149 വകുപ്പുകൾ പ്രകാരമാണ് കേസ്സ് എടുത്തിട്ടുള്ളത്.

(ഡി) കൊല്ലം എസ്.എൻ. കോളേജിൽനടന്ന അക്രമസംഭവങ്ങളിൽ വിദ്യാർത്ഥികൾക്കെതിരെ മൊത്തം എഴു കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ എഴുപത് വിദ്യാർത്ഥികൾ പ്രതികളാണ്. ഇവർ വിവിധ വിദ്യാർത്ഥി സംഘടനകളിൽപ്പെടുന്നവരുമാണ്.

(ഇ) അക്രമസംഭവങ്ങൾ ഉണ്ടാകുവാൻ സാദ്ധ്യത ഉള്ളതായി വിവരം ലഭിക്കുന്ന കോളേജ് പരിസരങ്ങളിൽ അപ്രകാരം സംഭവിക്കാതിരിക്കാൻ മുൻകരുതലുകൾ എടുക്കാറുണ്ട്. കോളേജ് അധികാരികൾ ആവശ്യപ്പെട്ടാൽ കാമ്പസിൽ അക്രമസംഭവം ഇല്ലാതാക്കുന്നതിന് പോലീസ് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ബസ് ചാർജ് വർദ്ധിപ്പിക്കുന്നതിനെതിരെയുള്ള സമരം

**(27)** ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് ചാർജ് വർദ്ധനവിനെതിരെ സമരം ചെയ്ത കെ.എസ്.യു.(ഐ) നേതാക്കളെ ക്രൂരമായി മർദ്ദിച്ച പോലീസ് നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) പോലീസ് മർദ്ദനത്തിൽ പരിക്കേറ്റ കെ.എസ്.യു.(ഐ) നേതാക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ബസ് ചാർജ് വർദ്ധനവിനെതിരെ കെ.എസ്.യു.(ഐ) സമരത്തോടനുബന്ധിച്ച് സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ബസ് ചാർജ് വർദ്ധനവിനെതിരെയുള്ള സമരത്തിനോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത മുഴുവൻ കേസ്സുകളും പിൻവലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഇ) പ്രകടനം നടത്തിയ കെ.എസ്.യു. നേതാക്കൻമാർ അക്രമാസക്തരായി പോലീസിനെ കല്ലെറിയുകയും പൊതുമുതൽ നശിപ്പിക്കുകയും ചെയ്തപ്പോൾ അവരെ അക്രമത്തിൽനിന്നും പിന്തിരിപ്പിക്കുകയാണ് പോലീസ് ചെയ്തത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കാറുകൾ മോട്ടോർ സൈക്കിൾ, കെ.എസ്.ആർ.ടി.സി. ബസ്സുകൾ തുടങ്ങിയവ അക്രമിച്ച് നാശനഷ്ടങ്ങൾ വരുത്തിയതിന് കെ.എസ്.യു. പ്രവർത്തകർക്കെതിരെ 26 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

**കെ.എസ്.കെ.ടി.യു. നിലം നികത്തലിനെതിരെ നടത്തിയ സമരം**

**(30)** ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ കെ.എസ്.കെ.ടി.യു. നിലം നികത്തലിനെതിരായി നടത്തിയ സമരത്തിന്റെ ഭാഗമായി കൃഷിക്കാരുടെ വിളനശിപ്പിച്ചത് സംബന്ധിച്ച് പോലീസ് എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്;

(ബി) ആ കേസ്സുകൾ ഏതെല്ലാം ആണെന്നും ഓരോ കേസ്സിലും ആരെല്ലാം പ്രതികൾ ആണെന്നും വ്യക്തമാക്കാമോ;

(സി) ഈ കേസ്സുകളിൽ ഓരോന്നിലും എത്ര പേരെ അറസ്റ്റ് ചെയ്തു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇനി എത്രപേരെ ഓരോ കേസ്സിലും അറസ്റ്റ് ചെയ്യുവാൻ ഉണ്ടെന്നും ഈ കാലതാമസത്തിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ;

(ഇ) വിളകൾ നശിപ്പിച്ചതു സംബന്ധിച്ച് കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകണമെന്ന് കർഷകരോ സംഘടനകളോ ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഗവൺമെന്റ് അത് സംബന്ധിച്ച് എന്തു തീരുമാനം എടുത്തു എന്ന് വ്യക്തമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly